**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5793 05.07.2013 - ൽ മറുപടിക്ക്**

## എൻ.എച്ച്.213 -ന്റെ വികസനം

| ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എൻ.എച്ച്. 213 -ന്റെ വികസനം എൻ.എച്ച്.ഡി.പി. IV -ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ അത് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | എൻ.എച്ച്. 213, NHDP Phase IV – A -ൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടു വരിപ്പാതയായി വികസിപ്പിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഇപ്പോൾ തന്നെ പല ഭാഗങ്ങളിലും പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടു വരിപാത തന്നെ ഉള്ളതിനാലും നേരിയ ഡവലപ്മെന്റ് മാത്രം ചെയ്തിട്ട് ടോൾ പിരിക്കുന്നത് സംസ്ഥാനത്തിന്റെ താൽപര്യത്തിന് അഭികാമ്യമല്ല എന്നറിയിച്ചതിനാലും കേന്ദ്ര സർക്കാർ NHDP Phase IV – A -ൽ നിന്നും ഈ റോഡിനെ വേർപെടുത്തി പുതിയ പ്രവൃത്തികൾ കേന്ദ്ര സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എൻ.എച്ച്. 213 -ൽ തിരക്കേറിയ ഭാഗങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) & (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | എങ്കിൽ ഇതിനുള്ള പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ